

S.K.V.V.H.S.S
THRIKKANNAMANGAL
SKVVHSS
THRIKKANNAMANGAL
കാഴ്ച

# സ്ഥാപകൻ



പുത്തൻവീട്ടിൽ പി. ആർ. ഗോവിന്ദപിള്ള

## Headmistress



I B Bindukumari

## Senior Assistant



P R Gopakumar

# സ്കൂളിൻ്റെ ചരിത്രം

രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ പാദസ്പർശത്താൽ ചരിത്രത്തിലിടം നേടിയ ദേശമാണ് തൃക്കണ്ണമംഗൽ, ഇവിടുത്തെ പുരാതനതറവാടായ പുത്തൻവീട്ടിൽ പി.ആർ ഗോവിന്ദപിള്ള നാടിൻ്റെ



അഭിവൃദ്ധിക്ക് വിദ്യാഭ്യാസത്തിൻ്റെ മഹത്വം മനസ്സിലാക്കി 1934-ൽ ശ്രീകൃഷ്ണവിലാസം സ്കൂൾ ആരംഭിച്ചു. തിരുവനന്തപുരം ഡി.ഇ.ഒ. ആയിരുന്ന ശ്രീമാൻ യേശുദാസ് സാർ അതേ വർഷം ഡിസംബർ മാസത്തിൽ സ്കൂൾ സന്ദർശിച്ച് ഒന്നും രണ്ടും ക്ലാസ്സുകൾ അനുവദിച്ചു.അടുത്ത വർഷം മൂന്നാം ക്ലാസ്സും തുടങ്ങി. അന്നത്തെ ഹെഡ്മാസ്റ്റർ പുത്തൻവീട്ടിൽ ശ്രീ. പി.ജി. ജനാർദ്ദനൻപിള്ള ആയിരുന്നു.ശ്രീമാൻ പി.ആർ. ഗോവിന്ദപിള്ള മാനേജർ ആയിരുന്ന സ്കൂളിൽ കുറുമ്പാല്ലൂർ അയ്യപ്പൻപിള്ള, പുത്തൻവീട്ടിൽ രാഘവൻപിള്ള, ഓടനാവട്ടം പപ്പുപിള്ള എന്നിവർ അദ്ധ്യാപകരായിരുന്നു. 1936- ൽ നാലാം ക്ലാസ്സും 1938-ൽ ആദ്യബാച്ച് ശാസ്ത്രി പൊതുപരീക്ഷ നടത്തുകയും ചെയ്തു.

കേരളത്തിൽ വിദ്യാഭ്യാസമേഖലയിൽ പുത്തൻ ഉണർവ്വ് പകർന്നുകൊണ്ട് പനമ്പള്ളി പദ്ധതി 1950-ൽ നടപ്പിലായി. ആ വർഷം തന്നെ ഇംഗ്ലീഷ് സ്കൂളായി മാറ്റുകയും ഫോർത്ത് ഫോറം ആരംഭിക്കുകയും ചെയ്തു. ആവിയോട്ട് എ.ജി. വർഗ്ഗീസ് സാർ ആയിരുന്നു ഇംഗ്ലീഷ് സ്കൂളിൻ്റെ ആദ്യ ഹെഡ്മാസ്റ്റർ. 1950-ൽ സ്കൂൾ മാനേജിംഗ് കമ്മറ്റി നിലവിൽ വന്നു. കമ്മറ്റി അംഗങ്ങളായി പി.ജി. രാഘവൻപിള്ള, പി.ജെ. ജനാർദ്ദനൻപിള്ള, കെ. കുട്ടൻപിള്ള, പി.ജി. കുഞ്ഞൻപിള്ള, പി.ജി. നാരായണപിള്ള, എൻ. ബാലകൃഷ്ണപിള്ള, എന്നിവരെ തിരഞ്ഞെടുത്തു. സ്ഥാപകൻ മലയാളമാസം 1128-കുംഭം 5 ന് ഇഹലോകവാസം വെടിഞ്ഞു. 1953-ൽ ആദ്യത്തെ പൊതുപരീക്ഷ നടന്നു. 1960-കളിൽ 50 ഡിവിഷനുകളിലായി 2400- ൽ പരം വിദ്യാർത്ഥികൾ ഈ സ്കൂളിൽ പഠിച്ചുകൊണ്ടിരുന്നു. 2000-മാണ്ടിൽ വൊക്കേഷണൽ ഹയർസെക്കണ്ടറി ആരംഭിച്ചു.

ഈ സ്കൂൾ സാഹിത്യസമാജത്തിന്റെ 81-ാമത് വാർഷികവും രക്ഷകർത്തസമ്മേളനവും ഫെബ്രുവരി 26 വെള്ളിയാഴ്ച വിവിധപരിപാടികളോടുകൂടി ആഘോഷിച്ചു. 2023 ഫെബ്രുവരി 26-ാം തീയതി ബാൻഡ് ഡിസ്പ്ലേയോടുകൂടി വിശിഷ്ടാതിഥികളെ സ്വീകരിച്ചു.

പി.ടി.എ പ്രസിഡന്റ് ശ്രീ. ജോണി ചെക്കാലയുടെ അധ്യക്ഷതയിൽ കൂടിയ സമ്മേളനം കൊട്ടാരക്കര മുൻസിപ്പാലിറ്റി ചെയർപേഴ്സൺ ശ്രീമതി ഗീതാസുധാകരൻ ഉദ്ഘാടനം ചെയ്തു. കെ.എൽ.ഡി.സി. ചെയർമാൻ ശ്രീ. ബെന്നി കക്കാട് മുഖ്യപ്രഭാഷണം നടത്തി. 2022-ലെ ഉന്നതവിജയം നേടിയ വിദ്യാർത്ഥികൾക്കുള്ള അവാർഡ് വിതരണം കൗൺസിലർ ശ്രീ. തോമസ് പി. മാത്യു നിർവ്വഹിച്ചു.സർവ്വീസിൽ നിന്നും വിരമിച്ച അധ്യാപകർക്കുള്ള ഉപഹാരസമർപ്പണം സ്കൂൾ മാനേജർ അഡ്വ. കെ. മോഹനകുമാരപിള്ള നിർവ്വഹിച്ചു. കലാപരിപാടികളുടെ ഉദ്ഘാടനം ശ്രീമതി. സോണികറഷീദ് നിർവ്വഹിച്ചു.ശ്രീമതി ബിജിതങ്കച്ചൻ, അഡ്വ: കെ മോഹനകുമാരപിള്ള, ശ്രീ. ആർ പ്രഭാകരൻപിള്ള, ശ്രീ.കെ.ആർ. രാജേഷ്കുമാർ, എന്നിവർ ആശംസാപ്രസംഗം നടത്തി.

പൊതുസമ്മേളനത്തിൽ സംസ്ഥാനശാസ്ത്ര- ഗണിതശാസ്ത്ര-പ്രവൃത്തിപരിചയമേളയിലും സംസ്ഥാനകായികമേളയിലും പങ്കെടുത്ത് സമ്മാനർഹരായ വിദ്യാർത്ഥികളെ അനുമോദിച്ചു.

ഈ അധ്യയനവർഷം ജൂൺ 1 ന് പ്രവേശനോത്സവം നടത്തി.ജൂൺ-5 പരിസ്ഥിതിദിനാചരണത്തിൻ്റെ ഭാഗമായി പരിസ്ഥിതിദിന പ്രതിജ്ഞയും വൃക്ഷത്തൈവിതരണവും നടത്തി. ജൂൺ 19 വായനാദിനത്തോടനുബന്ധിച്ച് വിവിധമത്സരങ്ങൾ സംഘടിപ്പിച്ചു.ജൂൺ 26 ലഹരിവിരുദ്ധദിനത്തിൻ്റെ ഭാഗമായി ലഹരിക്കെതിരെ ബോധവത്ക്കരണം നടത്തി.

ഈ അധ്യയനവർഷത്തിൽ സ്റ്റാഫ് സെക്രട്ടറിയായി ശ്രീ. ബിജോയ്നാഥ്. എൻ.എൽ നേയും, യുവജനോത്സവകൺവീനറായി ശ്രീ.സുനീഷ്.കെയേയും പി.ടി.എ പ്രസിഡൻറായി ശ്രീ. ലിനുകുമാറിനേയും തെരഞ്ഞെടുത്തു.പി.ടി.എ പ്രസിഡൻ്റിൻ്റെ അധ്യക്ഷതയിൽ ക്ലാസ്സ് പി.ടി.എ കൾക്കു പുറമേ ജനറൽ പി.ടി.എ മീറ്റിംഗുകളും നടത്തി എല്ലാമാസവും പി.ടി.എ. എക്സിക്യൂട്ടീവ് യോഗം ചേർന്ന് വരവ്-ചെലവ് കണക്കുകൾ കൃത്യമായി അവതരിപ്പിച്ച് അംഗീകാരം നേടുന്നു.

# ജൂനിയർ റെഡ് ക്രോസ്

1925 -ൽ ഇന്ത്യയിൽ പഞ്ചാബ് സംസ്ഥാനത്താണ് JRC പ്രവർത്തനം ആരംഭിച്ചത്. സേവനം എന്നത് JRC യുടെ വാക്കാകുന്നു ആരോഗ്യം അഭിവൃദ്ധിപ്പെടുത്തുക, സേവനസന്നദ്ധതയുള്ള പുതിയ തലമുറയെ വാർത്തെടുക്കുക, അന്താരാഷ്ട്ര സൗഹൃദം സമ്പുഷ്ടമാക്കുക എന്നീ മൂന്ന് കാര്യങ്ങളിൽ ഊന്നിയാണ് JRC പ്രവർത്തിക്കുന്നത്. JRC യിൽ അംഗമാകുന്ന കുട്ടികളെ JRC കേഡറ്റ് എന്ന് വിളിക്കുന്നു, "ഞാൻ എൻ്റേയും, മറ്റുള്ളവരുടേയും ആരോഗ്യം സംരക്ഷിക്കാമെന്നും, രോഗികളേയും അവശരേയും, പ്രത്യേകിച്ച് കുട്ടികളെ സഹായിക്കാമെന്നും, ലോകത്താകമാനമുള്ള കുട്ടികളെ എൻ്റെ ആത്മ സുഹൃത്തുക്കളായി കണക്കാക്കാമെന്നും, ഇതിനാൽ പ്രതിജ്ഞ ചെയ്തുകൊള്ളുന്നു" എന്ന പ്രതിജ്ഞ ചൊല്ലി വിദ്യാർത്ഥികൾ JRC യിൽ അംഗമാകുന്നു. JRC യുടെ ചുമതലയുള്ള അധ്യാപകനെ JRC-Counsellor എന്നറിയപ്പെടുന്നു. സ്കൂളിന്റെ പ്രഥമ അധ്യാപകൻ/അധ്യാപിക യൂണിറ്റിൻ്റെ പ്രസിഡൻ്റായിരിക്കും JRC യുടെ പൊതുയോഗം കൂടി, വിദ്യാർത്ഥികളിൽ നിന്നും ഭാരവാഹികളെ തിരഞ്ഞെടുക്കുന്നു. ചെയർമാൻ, വൈസ് ചെയർമാൻ, സെക്രട്ടറി, ജോ. സെക്രട്ടറി, ട്രഷറർ, എന്നിവരാണ് യൂണിറ്റിൻറെ ചുമതലക്കാർ 8-ാം സ്റ്റാൻഡേർഡിൽ - 20 പേർ, 9-ാം സ്റ്റാൻഡേർഡിൽ - 20, 10-ാം സ്റ്റാൻഡേർഡിൽ - 20 പേർ, ആകെ 60 പേർ അടങ്ങിയതാണ് ഹൈസ്കൂളിലെ ഒരു യൂണിറ്റ് 8-ാം ക്ലാസ്സിലെ കുട്ടികൾക്ക് എ-ലെവൽ പരീക്ഷ, 9-ാം ക്ലാസ്സിൽ ബി- ലെവൽ പരീക്ഷ, 10-ാം ക്ലാസ്സിൽ സി.ലെവൽ പരീക്ഷയും നടത്തുന്നു. 50 മാർക്കിൻ്റെ പരീക്ഷയിൽ 25 മാർക്ക് വാങ്ങി എല്ലാതലത്തിലും ജയിക്കുകയും, സ്കൂൾ യൂണിറ്റ് നടത്തുന്ന ശുചീകരണം, ജീവകാരുണ്യം, സേവനപ്രവർത്തനങ്ങൾ എന്നിവയിൽ പങ്കെടുത്ത് 75 % ഹാജർ,നേടിയവർ ആയിരിക്കണം സ്റ്റേറ്റ് അഥവാ ജില്ലാ തലത്തിൽ നടത്തുന്ന ക്യാമ്പ്/സെമിനാറിൽ പങ്കെടുത്ത് സർട്ടിഫിക്കറ്റ് കരസ്ഥമാക്കുകയും ചെയ്യണം ഹെഡ്മാസ്റ്റർ, കൗൺസിലർ എന്നിവർ തൃപ്തികരമായ JRC പ്രവർത്തനങ്ങളിൽ എർപ്പെട്ടു എന്ന് സാക്ഷ്യപ്പെടുത്തിയ JRC കേഡറ്റിനു മാത്രമേ എസ്.എസ്.എൽസിക്ക് 10- മാർക്കിന് യോഗ്യതയുണ്ടാക, നന്മയുള്ള ഹൃദയത്തിൽ മാത്രമേ കരുണ എന്ന വികാരം കാണുകയുള്ളൂ. ജീവികൾക്ക് സഹായം നൽകുമ്പോഴാണ് കാരുണ്യത്തിൻ്റെ അഥവാ സേവനത്തിൻ്റെ സത്ത മനസ്സിലാകുന്നത് ഇതിന് JRC പ്രവർത്തനം ഉത്തമ ഉദാഹരണമാകുന്നു.

അഞ്ചു ടീച്ചർ

HST

# സ്റ്റുഡൻ്റ് പോലീസ് കേഡറ്റ്

കേരളാപോലീസും, വിദ്യാഭ്യാസവകുപ്പും സംയുക്തമായി ആരംഭിച്ച ഒരു മഹത് പ്രസ്ഥാനമാണ് SPC എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന സ്റ്റുഡൻ്റ് പോലീസ് കേഡറ്റ് പദ്ധതി 2010 അദ്ധ്യയനവർഷം മുതൽ കേരളത്തിൽ തെരഞ്ഞെടുത്ത ഏതാനും സ്ക്കൂളുകളിൽ നടപ്പിലാക്കിയ ഈ പദ്ധതി കഴിഞ്ഞ ഏഴ് വർഷം കൊണ്ട് ദേശീയ ശ്രദ്ധ ആകർഷിക്കുകയും ലോകത്തിന് തന്നെ ഒരു മികച്ച സംഭാവനയായി മാറിയിരിക്കുകയുമാണ് കുട്ടികളിൽ കായികക്ഷമത, അച്ചടക്കം, ദേശീയബോധം, സാമൂഹികപ്രതിബദ്ധത, സഹജീവിസ്നേഹം, പരിസ്ഥിതി സംരക്ഷണം, നിയമാവബോധം, പഠനമികവ് എന്നിവ വളർത്തിയെടുക്കുന്നതിനൊപ്പം സാമൂഹിക തിന്മകൾക്കെതിരെ ശക്തമായി പ്രതികരിക്കുകയും വ്യാപകമായ ബോധവൽക്കരണം നടത്തുകയും ചെയ്യുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

ലോകം മുഴുവൻ ഒന്നായി മാറിയ ഈ കാലഘട്ടത്തിൽ മുൻകാലങ്ങളിൽ നമുക്ക് ചിന്തിക്കുവാൻപോലും കഴിയാത്തതരത്തിലുള്ള ധ്രുതഗതിയിലുള്ള മാറ്റങ്ങൾ സമൂഹത്തിൽ സംഭവിച്ചുകൊണ്ടിരിക്കുമ്പോൾ അതിന്റേതായ ദൂഷ്യഫലങ്ങളും ധാരാളമായി ഉണ്ടാകുന്നുവെന്നത് യാഥാർത്ഥ്യമാണ് കൂട്ടുകുടുംബങ്ങളിൽ നിന്നും അണുകുടുംബങ്ങളിലേയ്ക്ക് മാറിയതുപോലെ പൊതുവാർത്താ മാധ്യമങ്ങളിൽ നിന്നും സോഷ്യൽ മീഡിയയിലേക്ക് വഴിമാറിക്കൊണ്ടിരിക്കുന്ന കാഴ്ച്ചയാണ് ഇന്നു നമുക്ക് കാണുവാൻ കഴിയുന്നത് ഇത്തരം മാറ്റങ്ങൾ കുട്ടികളിൽ ചെലുത്തുന്ന സ്വാധീനം വളരെ വലുതാണെന്ന് നാനാതുറകളിൽ നിന്നുമുള്ള അഭിപ്രായങ്ങൾ അരക്കിട്ടുറപ്പിക്കുന്നു.

എന്തിനേയുംകുറിച്ച് ജിജ്ഞാസ പ്രകടിപ്പിക്കുന്ന പ്രായമാണ് കൗമാരപ്രായം എന്ന് നാം വിശേഷിപ്പിക്കുന്ന കാലഘട്ടം. ഈ പ്രായത്തിൽ കുട്ടികളിൽ ഉണ്ടാകുന്ന ശാരീരികവും മാനസികവും ബുദ്ധിപരമായ വളർച്ചയെ ശരിയായ തലത്തിലെത്തിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം കൗമാരക്കാരിൽ മറ്റ് പ്രായത്തിലുള്ളവരേക്കാൾ സേവനമനോഭാവവും നയകൾ ചെയ്യുവാനുള്ള മനസ്സും കൂടുതലായി കണ്ടുവരുന്നു അതുപോലെ എല്ലാവിധ ചതിക്കുഴികളിലും അകപ്പെടുവാനും തെറ്റായ മാർഗ്ഗത്തിലേക്ക് പോകുവാനുമുള്ള പ്രവണതയും കണ്ടുവരുന്നു ഈ രണ്ട് പ്രവണതകളിൽ ആദ്യത്തേതിലേയ്ക്ക് കുട്ടികളെ കൊണ്ടെത്തിക്കുവാനുള്ള പരിശ്രമമാണ് SPC നടത്തിക്കൊണ്ടിരിക്കുന്നത്.

ഇന്ന് നമ്മുടെ കുട്ടികൾക്ക് ധാരാളം അറിവുകൾ ലഭിക്കുന്നുണ്ട്. കേവലം അറിവുകൾ നേടുകയെന്നതിനുപ്പുറം അവരെ തിരിച്ചറിവുള്ളവരാക്കുക എന്നതാണ് മറ്റൊരു പ്രധാനലക്ഷ്യം സ്വയം അറിയുവാനും മാതാപിതാക്കളേയും ബന്ധുക്കളേയും സുഹൃത്തുക്കളേയും അദ്ധ്യാപകരേയും സമൂഹത്തേയും തിരിച്ചറിയുവാനും സ്നേഹവും ബഹുമാനവും പരിലാളനവും നൽകുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യവും നിറവേറ്റിക്കോരുന്നു.

എസ് പ്രദീപ് കുമാർ
CPO
Skvvhss

# ഉണരുവീൻ സഹജരെ

പോരുവീൻ കൂട്ടരേ....സ്റ്റുഡൻ്റ്ഫോലീസ് സോദരേ....
നമ്മുടെ ശാന്തിയുടെ വിത്തുകൾ വിതയ്ക്കുവാൻ
ജാതിമതഭേദമില്ല ലിംഗവർണ്ണവർഗ്ഗമില്ല
ഭാരതാംബ നൊന്ത്പെറ്റ മക്കൾ നാം സഹോദരർ
ഒന്നുമൊന്നും മൂന്നെന്ന് നമ്മളോട് ചൊല്ലുന്നു.

"മ്മണിബല്യ ഒരൊന്നൊന്നും പറയുന്നു.
ഏത് തെറ്റ് ഏത് ശരിയെന്ന് നമുക്കറിയുവാൻ
അറിവിന്റെ ആഴങ്ങളിലൂളിയിട്ടു പോകുവാൻ
പുസ്തകങ്ങളെ നമുക്ക് കൂട്ടുകാരാക്കിടാം
അറിവെന്നായുധം കൈകളിലേന്തിടാം
നിയമാവബോധം സമൂഹത്തിലേറ്റിടാം
നിയമലംഘകരേ കൈയ്യാമം വെച്ചിടാം
സാമൂഹ്യതിന്മകൾക്കെതിരേ പോരാടിടാം
നിരാലംബർ നിരാശ്രയർക്കാശ്വാസമേകിടാം
ലഹരിവസ്തുക്കൾക്കെതിരെ പോരാടിടാം
സ്വയമവ വർജ്ജിച്ച് മാതൃകയായിടാം
പഠനത്തോടൊപ്പം സേവനം ചെയ്തിടാം
അന്നവും സ്നേഹവും പങ്ക് വെച്ചേകിടാം
ഐക്യം അഖണ്ഡത മതേതരത്വവും
ഭാരതത്തിനഭിമാനപൈതൃകങ്ങളൊക്കെയും മണ്ണുംജലവും
പ്രകൃതിവിഭവങ്ങളൊക്കെയും ജീവന് തുല്യം കാത്തരക്ഷിച്ചിടാം
സൂര്യതാപത്തിൻ കാഠിന്യമകറ്റുഡാൻ
ഹരിതാഭമാമൊരു പ്രകൃതിയൊരുക്കിടാം
അച്ചടക്കംജീവിതമുഖമുദ്രയാക്കിടാം
മാതാപിതാഗുരുവാണ് ദൈവമെന്നോർത്തിടാം
ഒത്തൊരുമിച്ച് നമുക്ക് മുന്നേറിടാം
ധീരമായ ഓരോ അടി വച്ച് മുന്നേറിടാം
പോരുവിൻ കൂട്ടരേ
സ്റ്റുഡൻ്റ് പോലീസ് സോദരേ
നന്മയുടെ ശാന്തിയുടെ വിത്തുകൾ വിതയ്ക്കുവാൻ.

അനന്യ കൃഷ്ണൻ
9A

# Malala Yousafzai

One child, one Teacher, One Book and One Pen can change the world."



These are the words of great social worker who had been hit by Taliban due to her earnest desire to knowldge.she was the first winner of the National peace prize of Pakisthan.she used to belive in the words "Pen is is more shrper thana sword"

She had hit by Taliban on 9th Ocober 2012. To respect her courage, the UN celebrated November 10 as Malala day and to make the idea "Education for all children "reach every corner of the war was her role model who is a poet. she studied the values like freedom and right from him. she is considered as the symbol of protest as, she had shown her courage even at her teenage. she tries to tell each one of us, about the need and value of education and her struggle to achieve the goals.

Sivanandan
8C

# ഞാനും എൻ്റെ

# *ശിവ കൃഷ്ണയും*

# പിന്നെ 26 പേരും

കുസൃതിക്കുരുന്നുകളുടെ ആരവം കൊണ്ട് മുഖരിതമാകുന്ന സ്കൂൾ അങ്കണം ഒരു പതിവ് കാഴ്ചയാണ്.കുട്ടികളുടെ കളികളും ബഹളവും സാഹ്യാവും അധ്യാപകരുടെ സാന്നിദ്ധ്യവും സ്കൂൾ മണിയുടെ മുഴക്കം കേൾക്കുമ്പോൾ നിശബ്ദതയെ പുൽകുന്ന അന്തരീക്ഷവും എന്നും പുതുമയെ പ്രദാനം ചെയ്യുന്നു. ഇവയെല്ലാം നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൻ്റെ അവിഭാജ്യ ഘടകങ്ങളത്രേ. എന്നാൽ സാധാരണകുട്ടികൾക്കൊപ്പം ഒത്തുചേരുവാൻ കഴിയാതെ, അതേസമയം അവർക്കൊപ്പം എത്തുവാൻ പരിശ്രമിക്കുന്ന ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾ ഏറെ ശ്രദ്ധയും കരുതലും അധ്യാപകരിൽ നിന്നും സഹപാഠികളിൽ നിന്നും പ്രതീക്ഷിക്കുന്നു എന്നത് ഒരു യാഥാർത്ഥ്യം തന്നെയാണ്.

നൂതനവിദ്യാഭ്യാസ രീതികളിലൂടെ ഭിന്നശേഷിയുള്ള വിദ്യാർത്ഥികളെ വിദ്യാസമ്പന്നരാക്കി വിവിധമേഖലകളിൽ മികവുപുലർത്താൻ അവരെ പ്രാപ്തമാക്കേണ്ടത് നമ്മുടെ കടമയാണ്. ഈ ഉത്തരവാദിത്യം ഏറ്റെടുക്കുവാൻ കഴിവുള്ളവരാണ് വിദ്യാർത്ഥികളും അധ്യാപകരും എന്നതിൽ സംശയമില്ല. ഇക്കഴിഞ്ഞ ക്രിസ്തുമസ് കാലത്ത്, ഭിന്നശേഷിയുള്ള ഒരു സഹഹരിയെ സന്ദർശിക്കുവാൻ ഒരുപറ്റം കുട്ടികൾ പ്രകടിപ്പിച്ച സൻമനസ്സിനെ ഈ അവസരത്തിൽ പ്രതിപാദിച്ചു കൊള്ളട്ടെ.

7C ക്ലാസ്സിൻ്റെ ചുമതലയായിരുന്നു എനിക്കുണ്ടായിരുന്നത്. ഈ ക്ലാസ്സിലെ 23-ാം നമ്പർ ശിവകൃഷ്ണ വളരെ അപൂർവ്വമായേ സ്കൂളിൽ എത്തിയിട്ടുള്ളൂ. ഓട്ടിസം ബാധിച്ച ശിവകൃഷ്ണയെ കാണുവാൻ (ക്രിസ്തുമസ് അവധിക്കാലം തുടങ്ങുന്നതിൻ്റെ തലേദിവസം സഹപാഠികൾ ഒരുങ്ങി എത്തി.

ക്രിസതുമസ് ഫാദറിൻ്റെ വേഷം ധരിച്ച് ജിതിൻ പ്രസാദും, കരോൾ പാട്ടുകൾ പാടാൻ തയ്യാറായി ഭാഗ്യലക്ഷ്മിയും, നീതുരാജും, ശ്രീലക്ഷ്മിയും ശ്രീവിദ്യയും ദൃശ്യാരാജും ശിവകൃഷ്ണയുടെ അടുത്തെത്തി. സഹഹറികളെ കണ്ടപ്പോൾ ശിവകൃഷ്ണയുടെ മുഖത്ത് വിരിഞ്ഞ സന്തോഷം ഹൃദയസ്പർശിയായിരുന്നു. എല്ലാ കുട്ടികളും ശിവകൃഷ്ണക്കു നൽകുവാൻ സമ്മാനപ്പൊതികൾ കരുതിയിരുന്നു. പാട്ടുകൾ പാടിയും

കേക്കുമുറിച്ചും തമാശകൾ പറഞ്ഞും കുട്ടികൾ അവനെ സന്തോഷ ഭരിതനാക്കി. ഒരു മണിക്കൂറുകളോളം ശിവകൃഷ്ണയോടൊപ്പം ചിലവിട്ട് ഈറനണിഞ്ഞ മിഴികളോടെയാണ് കുട്ടികൾഅവിടെ നിന്നും വിടവാങ്ങിയത്.

തികച്ചും സാധാരണ കുടുംബത്തിലെ അംഗമായ ശിവകൃഷ്ണയെപ്പോലെയുള്ള ഭിന്നശേഷിക്കാമായ കുട്ടികളെ കണ്ടെത്തി, അവരെ സ്കൂളിൽ എത്തിക്കുവാനും അവർക്ക് അംഗീകാരവും സഹായവും നൽകുവാനും നമുക്ക് കഴിയണം. അനുകമ്പ എന്ന വാക്കിൽ മാത്രം ഒതുങ്ങാതെ മറ്റു കുട്ടികളോടൊപ്പം കളിക്കുവാനും, ചിരിക്കുവാനും, പഠിക്കുവാനും ഉള്ള അവസരം അവർക്ക് നമ്മൾ നൽകണം. വിധിയെ പഴിച്ച് ജീവിക്കുന്ന മാതാപിതാക്കൾക്ക്, ആശ്വാസത്തിൻ്റെ വഴി കണ്ടെത്തുവാൻ നമ്മൾ സഹായിക്കണം.

ശിവകൃഷ്ണയെ ഞങ്ങൾ പൂമരംകൊണ്ട് ഒരു തൊപ്പിയുണ്ടാക്കി അണിയിച്ചു. ഭിന്നശേഷിക്കാരായ കുഞ്ഞുങ്ങളെയെല്ലാം സമൂഹത്തിന് വിലപ്പെട്ടവരാക്കി മാറ്റുവാൻ നമുക്ക് ഒരുമിച്ച് നിൽക്കാം.

JACOB GEORGE
UPST
SKVVHSS

# *ഗണിതത്തിൻ്റെ കൗതക ലോകത്തേക്ക്*

***ലോകത്തെവിടേയും ചിന്തിക്കുന്ന മനുഷ്യസമൂഹത്തിന് വിഷയമായുള്ളത് അത്ഭുതം നിറഞ്ഞ ഈ പ്രപഞ്ചം തന്നെ. അതിലെ ഓരോ ചലനവും, സൃഷ്ടിയും, നിലനിൽപിനും അന്ത്യത്തിനും കാരണമാവുന്നു എന്ന് അവർ കണ്ടെത്തി. വൈവിധ്യമാർന്ന ശാസ്ത്ര ശാഖകൾ ആയിരക്കണക്കിന് ചിന്തകന്മാരുടെ നിരന്തര പരീക്ഷണ നിരീക്ഷണങ്ങളുടെ ഫലമായുണ്ടായതാണ്.***

***ഗണിതശാസ്ത്രത്തിൽ തന്നെ ബി.സി 5000 ത്തിലെന്നു കണക്കാക്കുന്ന വേദങ്ങളിൽപോലും നിരവധി കണ്ടെത്തലുകൾ കാണാം. സൗരമാസവും, ചന്ദ്രമാസവും വേദങ്ങളിൽ നിർണ്ണയിക്കുന്നതായി കാണാം. പ്രസിദ്ധ ഫ്രഞ്ച് ജ്യോതിശാസ്ത്രജ്ഞനായ ബെയിലി ഹിന്ദു ജ്യോതിശാസ്ത്രമാണ് ലോകത്തിൽ ഏറ്റവും പഴക്കം ചെന്നതെന്ന് കണ്ടെത്തി. ആര്യഭട്ടനിൽ നിന്നും കോപ്പർനിക്കസിലേക്കും ന്യൂട്ടനിലേക്കും വ്യാപിച്ച് ശാസ്ത്രം പുരോഗമിച്ചു.***

***ലോകത്തു മുഴുവൻ ഒരുകാലത്ത് ഗണിതശാസ്ത്രം അറിയപ്പെട്ടിരുന്നത് ' ഹിന്ദ്സത് ' എന്ന പേരിലായിരുന്നു. വേദാംഗ ജ്യോതിഷകാലത്ത് പൂജ്യം കണ്ട്പിടിച്ച് എല്ലാ സംഖ്യകളും ദശാംശസമ്പ്രദായത്തിൽ പ്രകടമാക്കുന്ന രീതി ലോകത്തെ പഠിപ്പിച്ചത് ഭാരതമാണ്. ഭാരതീയർ 1053 വരെ അക്കത്തിൽ പറഞ്ഞിരുന്ന കാലത്ത് ഗ്രീക്കുകാർ 10' വരെയും റോമാക്കാർ 10 വരെയാണ് പറഞ്ഞിരുന്നത്. യജുർ വേദത്തിൽ ദശാംശസമ്പ്രദായം വിവരിക്കുന്നത് ശ്രദ്ധിക്കു. ഏകം, ദശം, ശതം, സഹസ്രം, അയുതം, നിയുതം, അർബുദം, നർബുദം, സമുദ്രം, മദ്ധ്യം, അന്തം, പരാർദ്ധം എന്നിങ്ങനെ നീണ്ടുപോകുന്നു.***

***ഗണിതലോകത്ത് ഏറ്റവുമധികം പഠനം നടന്നിട്ടുള്ളത് ' പൈ ' യുടെ വിലനിർണ്ണയവുമായി ബന്ധപ്പെട്ടതാണ്. അഞ്ചാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ആര്യഭടൻ 3.1416 ആയി പൈയുടെ വില നിശ്ചയിച്ചു. ആർക്കമിഡിസ് പൈയുടെ വില 22/7 എന്നു കണ്ടെത്തി. മാനവ ശുഭസൂത്രത്തിൽ അത് 3.16049 എന്നു പറഞ്ഞിരിക്കുന്നു. എ.ഡി.1671-ൽ ജയിംസ് ഗ്രഗറി പൈയുടെ വില കണ്ടെത്തിയതായി പറയുന്നു. എ.ഡി. 1500 ൽ ജീവിച്ചിരുന്ന നീലകണ്ഠൻ തന്ത്രസംഗ്രഹത്തിൽ JT യുടെ വിലനിശ്ചയിച്ച് കാണുന്നു. 16-ാംനൂറ്റാണ്ടിൽ ജീവിച്ചിരുന്ന ലുഡോർഫ് ഡാൻ സെലൻ പൈയുടെ വില 30 ഡസിമെൽ സ്ഥാനത്തിൽ നിശ്ചയിച്ചു.***

***I INDUKUMARI***
***HST MATHS***

# ഇന്ത്യയുടെ ശാസ്ത്ര പുരോഗതിയിൽ അബ്ദുൽ കലാമിൻ്റെ പങ്ക്

അവുൽ പകീർജൈനുലബ്ദീൻ അബ്ദുൾ കലാം എന്ന ഡോ.എ.പി.ജെ അബ്ദുൾകലാം 1931 ഒക്ടോബർ 15 ന് തമിഴ്നാട്ടിലെ രാമേശ്വരത്തു ജനിച്ചു. ഇദ്ദേഹത്തിൻ്റെ മാതാപിതാക്കൾ ആയിഷാമ്മയും ജൈനുലാബ്ദീനുമാണ്. ഭൗമശാസ്ത്രവും ബഹിരാകാശ ഗവേഷണവുമാണ് ഇദ്ദേഹം പഠിച്ചത്.



പ്രശസ്തനായ മിസൈൽ സാങ്കേതിക വിദ്യാവിദഗ്ദനും ബഹിരാകാശ ഗവേഷകനുമാണ് ഇദ്ദേഹം. ബഹിരാകാശ പഠനത്തിനു ശേഷം പ്രതിരോധ ഗവേഷണ വികസനകേന്ദ്രം (ഡി.ആർ.ഡി.ഒ) ബഹിരാകാശകേന്ദ്രം തുടങ്ങിയ സ്ഥാപനങ്ങളിൽ ഉന്നതസ്ഥാനം വഹിച്ചിട്ടുണ്ട്. ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ചെടുത്ത സ്പേസ് വെഹിക്കിൾ ലാഞ്ചിനേയും, ബാലിസ്റ്റിക് മിസൈലിന്റേയും ഗവേഷണസമയത്ത് അദ്ദഹം വഹിച്ച പങ്ക് വളരെ വലുതാണ്. ഇന്ത്യയുടെ സാങ്കേതിക വിദ്യകളിൽ അബ്ദുൾകലാമിന്റെ പങ്കും കഴിവും കണക്കിലെടുത്ത് അദ്ദേഹത്തെ ഇന്ത്യയുടെ മിസൈൽമനുഷ്യൻ എന്നാണ് വിശേഷിപ്പിക്കുന്നത്. 2002 ൽ ഇദ്ദേഹം ഇന്ത്യയുടെ രാഷ്ട്രപതിയായി തിരഞ്ഞെടുക്കപ്പെട്ടു. അങ്ങനെ അദ്ദേഹം ഇന്ത്യയുടെ പതിനൊന്നാമത് രാഷ്ട്രപതിയായി. 2007 ജൂലൈ 27 ന് സ്ഥാനമൊഴിഞ്ഞു.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് അഹമ്മദാബാദ്, ഇൻഡോർ എന്നിവിടങ്ങളിൽ അദ്ധ്യാപകനും തിരുവനന്തപുരം സയൻസ് ആന്റ് സ്പേസ് റിസേർച്ച് സെൻ്ററിലെ വൈസ് ചാൻസലറുമായി അദ്ദേഹം ജോലി ചെയ്തു. 2020-ൽ ഇന്ത്യയെ ഒരു വികസിതരാഷ്ട്രമാക്കി മാറ്റാനുള്ള അദ്ദേഹത്തിന്റെ ദർശനങ്ങളും കാഴ്ചപ്പാടുകളും മാർഗങ്ങളും ഇന്ത്യ 2020- ൽ എന്ന തന്റെ പുസ്തകത്തിൽ അദ്ദേഹം അവതരിപ്പിച്ചിരുന്നു. 1960-ൽ ബഹിരാകാശ പഠനത്തിനുശേഷം അദ്ദേഹം ഡയറക്ടറേറ്റ് ഓഫ് ടെക്നിക്കൽ ആൻറ് പ്രൊഡക്ഷൻ എന്ന

സ്ഥാപനത്തിൽ ശാസ്ത്രജ്ഞനായി ജോലിയിൽ പ്രവേശിച്ചു. ഒരു ശാസ്ത്രജ്ഞൻ എന്ന നിലയിൽ അദ്ദേഹത്തെ ഏൽപ്പിച്ച ദൗത്യം ഇന്ത്യൻ സൈന്യത്തിനുവേണ്ടി ഒരു സൂപ്പർസോണിക് ടാർജറ്റ് എയർക്രാഫ്റ്റ് നിർമ്മിക്കുകയെന്നതാണ്. അങ്ങനെ അദ്ദേഹം സാങ്കേതിക വിദ്യയിലുള്ള ആദ്യകാൽച്ചുവടുകൾ വച്ചു.

ജലത്തിലും കരയിലും ഒരുപോലെ പ്രവർത്തിക്കുന്ന ഹോവാൾഡ് എയർക്രാഫ്റ്റ് നിർമ്മിക്കുക എന്നതായിരുന്നു കലാമിന്റെ രണ്ടാമത്തെ ദൗത്യം. 1961-ൽ അദ്ദേഹം ഇന്ത്യൻ നാഷണൽ കമ്മിറ്റി ഫോർ സ്പേസ് റിസേർച്ച് സെൻ്ററിൽ ജോലിയിൽ പ്രവേശിച്ചു. അങ്ങനെ തുമ്പ ഗവേഷണകേന്ദ്രം അദ്ദേഹം തുടങ്ങിവെച്ചു. 1962-ൽ ഇന്ത്യയുടെ ആദ്യറോക്കറ്റായ നൈക്കി അപ്പാച്ചി ആകാശത്തിലേക്ക് കുതിച്ചു. ആഗസ്റ്റ് 10 ന് അദ്ദേഹം പി.എസ്.എൽ.വി മൂന്ന് വിക്ഷേപിച്ചു. ഫ്ല് . സാങ്കേതികകാരണങ്ങളാൽ അത് സമുദ്രത്തിലേക്ക് പതിച്ചു.അദ്ദേഹം അതിൽ വളരെ വിഷമിച്ചു. 1980-ൽ അദ്ദേഹം രോഹിണി കൃത്രിമോപഗ്രഹം വളരെ വിജയകരമായി ഭ്രമണപഥത്തിലെത്തിച്ചു. പി.എസ്.എൽ.വിയുടെ ഗവേഷണവും വിജയകരമായതോടെ അദ്ദേഹം ആഗോളപ്രശസ്തനായി. 30 ഓളം സർവ്വകലാശാലകളിൽ നിന്ന് അദ്ദേഹത്തിന് ഓണററി ഡോക്ടേറ്റ് പദവി ലഭിച്ചു. 1981-ൽ പത്മഭൂഷൺ, 1990-ൽ പത്മവിഭൂഷൺ, 1997-ൽ ഭാരതരത്നം എന്നിവ അദ്ദേഹത്തെ തേടിവന്നു. 2015 ജൂലൈ 27 ന് 84-ാം വയസ്സിൽ മരണമടഞ്ഞു.

BIJOY T JOHNS
8A




Half the stars in the universe are doubles of two stars that orbit each other.

The sun's gravity pulls gas in words, let the pressure of the gas a the centre pushes out words. The two forces balances to give the sun its ball shape. Venus is the earliest planet to see in Earth's sky. The saturn is the least dence of all the planets-If you could put in a bath of water, it would float. Jupiter is named after the king of the Roman gods and ruler of the heavens. Jupiter has a powerful magnetic field.It is a if there is a large bar magnet. In 1999, Mars climate orbiter moved into the wrong orbit and it was destroyed. According to the United States Geological Survey there are more than 3 million earthquakes every year. That's about 8,000 a day, or one every 11seconds.

UNNIKRISHNAN
8C

# അക്കൽദാമ

മുപ്പതു വെള്ളി കാശിനുവേണ്ടി

അയ്യോ ഞാൻ എൻ ഗുരുവിനെ ഒറ്റിക്കൊടുത്തു!

ഹാ! കഷ്ടം ഇത് രക്തത്തിൻ ഫലം ഇത് ഞാൻ എന്ത് ചെയ്യ.?

ആഴിയെ സൃഷ്ടിച്ചോൻ ആയിരങ്ങൾക്ക് അ

ത്താണി ആശ്രയഹീനർക്ക് ആശ്രയമായോൻ

തിരുവടി തന്നെ ഒറ്റിക്കൊടുത്തു

എനിക്ക് വേണ്ട ഈ ഫലം

ഞാനിത് ഭണ്ഡാരത്തിൽ സമർപ്പിക്കും

എറിഞ്ഞു കൊടുത്തു യൂദാസ് കണ്ട് നിന്ന

പുരോഹിതർ അത് രക്തത്തിൻ കറയാകയാൽ

പരദേശികളുടെ ശ്മശാനത്തിന്നായ് വക മാറ്റി

കുശവൻ നിലം യൂദാസിനും മനം മാറി

പശ്ചാത്താപമുണ്ടായി നൂതനയൂദാസന്മാർ

ഇന്നും വഞ്ചിപ്പൂ ഈ ഭുവനത്തെ പശ്ചാത്താപം

എന്നൊരു വാക്ക് മനസ്സിൽ പോലും ഇല്ലാത്തോർ

മറ്റുള്ളവർക്ക് ശാപമായി നമ്മുടെ മുന്നിൽ നിലനിൽപ്പൂ.

JOSWIN BINU
10 A

# കടങ്കഥകൾ

1. അക്കരെ വെടി പൊട്ടുമ്പോൾ ഇക്കരെ കുട വിരിയുന്നു

ഉ: കൂൺ

2. അക്കരെ നിൽക്കും തുഞ്ചാണി ഇക്കരെ നിൽക്കും തുഞ്ചാണി കൂട്ടിമുട്ടും തുഞ്ചാണി

ഉ: കൺപോള

3. അക്കരെ വിളയിൽ തെക്കേത്തൊടിയിൽ ചക്കരകൊണ്ടൊരു

ഉണ്ണ് ഉണ്ണിനകത്തൊരു നൂല് നൂല് വലിച്ചാൽ തേൻ

ഉ.: തെച്ചിപ്പൂവ്

4. അമ്മട്ടെ പട്ടിക്ക് മുമ്പോട്ട് വാല്

ഉ: ചിരവ

5. ഒരമ്മ പെറ്റതെല്ലാം വെള്ള പട്ടാളം

ഉ: ചിതൽ

# ബാല്യം

*ബാല്യം ...*

*മധുരമാം ബാല്യം ഓർക്കാൻ കൊതിക്കുന്ന ബാല്യം*

*സ്നേഹവും കരുതലും നന്മയും തന്നൊരാബാല്യം എവിടെ ?*

*എവിടെയെൻ ബാല്യം.....*

*എത്രവേഗം നീ കടന്നുപോയ് ബാല്യമേ...*

*കൊച്ചരിപ്പല്ലുകൾ കാട്ടിച്ചിരിച്ചൊരെൻ ബാല്യം*

*കളങ്കരിത നന്മനിറഞ്ഞ ബാല്യം*

*അച്ഛന്റെ കൈതൊട്ട് പിച്ചവച്ചൊരെൻ ബാല്യം*

*അമ്മതൻ സ്നേഹം നുണഞ്ഞ ബാല്യം*

*മുത്തശ്ശി തന്നൊരു സ്നേഹമാം കഥകളും കേട്ടുരസിച്ചൊരെൻബാല്യം*

*ജീവിതം കൗമാരത്തിലെത്തി നിൽക്കുന്ന ബാല്യം...*

*ഞാനോർത്തുപോകുന്നു തിരികെ വന്നെങ്കിലെന്റെ ബാല്യം...*

*പൂക്കളെ കണ്ടുചിരിച്ച ബാല്യം....*

*വർണ്ണങ്ങൾ മിന്നി മറഞ്ഞകാലം.....*

*തിരികെ വരില്ലെന്ന് ഞാനോർത്തു നിന്ന എന്റെ സ്നേഹസാക്ഷ്യമാം ബാല്യം.*

MALAVIKA S
10 B

# കുസൃതി ചെപ്പ്

*ജനിക്കുമ്പോൾ ജനിക്കാത്തതും ജനിച്ചശേഷം ജനിക്കുന്നതുമായ വസ്തു ഏത്?*

*- പല്ല്*

*എല്ലാ ആളുകളും തലകുനിക്കുന്ന സ്ഥലം ?*

*ബാർബർ ഷോപ്പ്*

*എത്ര വലിച്ചാലും നീളില്ല, പക്ഷേ ചെറുതാകും വസ്തു ഏത്?*

*സിഗററ്റ്*

*തലയുള്ളപ്പോൾ പൊക്കം കുറയും, തലയില്ലാത്തപ്പോൾ പൊക്കം കൂടും ?*

*തലയിണ*

*നമുക്ക് സ്വന്തമായൊരു സാധനം, പക്ഷേ ഉപയോഗിക്കുന്നത് മറ്റുള്ളവരാണ്. എന്താണ്?*

*നമ്മുടെ പേര്*

# *FRIENDSHIP*

***ചിരിച്ചും കളിച്ചും***

***കലഹിച്ചും മതിയാകും മുമ്പേ***

***വിടപറയേണ്ടി വരുന്ന സുഹൃത്തുക്കൾ***

***നാം വിടപറയും നിമിഷം തേങ്ങീടവേ***

***ഹൃദയത്തിൽ മുറിവുകൾ ചാർത്തീടവേ***

***തേങ്ങുന്ന ഹൃദയത്തിൽ താളത്തുടിപ്പായി***

***നിശ്വാസമായി മാറുന്നു പ്രിയ സൗഹൃദങ്ങൾ***

***തീരുന്നു ഈ സൗഹൃദ താളുകൾ ഇനിയില്ല***

***നമ്മൾ ഇവിടെയൊരുമിച്ച് പിരിയുന്നു***

***നാം വിടപറയുന്നു നാം പ്രിയ സുഹൃത്തേ***

***നിനക്കു നന്ദി എന്നെ സ്നേഹിച്ചതിനു***

***നന്ദി കൈ തന്നെന്നെ ഉയർത്തിയ***

***നിനക്കു നന്ദി ചതിയില്ല വഞ്ചനയില്ലിവിടെ***

***നാമെല്ലാരുമൊന്നാണ്, സുഹൃത്തുക്കളാണ്***

***എൻ പ്രിയസുഹൃത്തേ നിനക്കു നന്ദി..***

***ABHINANDA***

***8B***

# ***QUIZ***

1. 2015 -ലെ സാഹിത്യ നൊബേൽ പുരസ്കാരം ആർക്ക് ?

സ്വെറ്റ്ലാനഅലച്ച് സിവിച്ച്

2. ഇന്ത്യയുടെ ചൊവ്വാദൗത്യത്തിൻ്റെ ഔദ്യോഗിക പേര് ?

മാർസ് ഓർബിറ്റർ മിഷൻ

3. മംഗൾയാൻ ചൊവ്വയുടെ ഭ്രമണപഥത്തിൽ എത്തിയതെന്ന് ?

2014 സെപ്റ്റംബർ 24 -ന്

4. ചൊവ്വയുടെ ഭ്രമണപഥത്തിലെത്തുന്ന ആദ്യ ഏഷ്യൻരാജ്യം ?

ചൈന

5. 2014 - ലെ സരസ്വതി സമ്മാൻ നേടിയതാര് ?

വീരപ്പമൊയ്‌ലി

6. തെലുങ്കാനയുടെ ആദ്യമുഖ്യമന്ത്രി ?

ചന്ദ്രശേഖർ റാവു